**കേരളാ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&ടി)യുടെ നടപടിക്രമങ്ങൾ**

വിഷയം:- ആ.വ.ഡ-06.05.2000 മുതൽ 31.7.2017 വരെയുള്ള കാലയളവിലെ ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ കരട് സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടുള്ള ഉത്തരവ്.

സൂചന:- 10.08.2009-ലെ എഫ്.ഡബ്ല്യു. സ്പെഷ്യൽ സെൽ 61647/2007-ാം നമ്പർ ഉത്തരവ്പ്രകാരം പ്രസിദ്ധീകരിച്ച രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ. സീനിയോറിറ്റി ലിസ്റ്റ്.

**ഉത്തരവ് നമ്പർ ഇ.എസ്.5/32284/17/ആ.വ.ഡ/തീയതി 07/05/2018.**

രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ. മാരിൽനിന്നും ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ മാരായി പ്രമോഷൻ ലഭിച്ച് ജോലിയിൽ തുടർന്ന് വരുന്നവരുടെ 6/5/2000 മുതൽ 31/7/2017 വരെയുള്ള കരട് സീനിയോറിറ്റി ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

ശ്രീമതി. രജിമോൾ (രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ) മുതൽപേർ ബഹു. കെ.എ.റ്റി.യിൽ ഫയൽ ചെയ്ത 1070/2014-ാം നമ്പർ കേസിൻമേൽ 11.12.2017ലെ വിധിയുടെ അടിസ്ഥാനത്തിൽ 13.04.2018ൽ ഗവ: അണ്ടർ സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന നേരിട്ട് കേൾക്കലിൽ ടി. കേസിൽ ഉൾപ്പെട്ടിരിക്കുന്ന കക്ഷികൾക്ക് അന്തർജില്ല സ്ഥലംമാറ്റം ലഭിക്കുന്നതിനു മുൻപ് ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ തീയതി നിശ്ചയിച്ച് നൽകുവാൻ അർഹതയുണ്ടെങ്കിൽ ആയത് പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതുകൂടി ഈ ലിസ്റ്റിൽ പരിഗണിച്ചിട്ടുണ്ട്. എങ്കിലും അപ്പീലുകൾ പരിഗണിച്ച്, പ്രസിദ്ധീകരിക്കുന്ന അന്തിമ സീനിയോറിറ്റി പട്ടികയിൽ ടിയാളുടെ സ്ഥാനം ഒഴിവ് വന്ന തീയതിയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുമ്പോൾ മാത്രമേ അവർക്ക് യഥാസ്ഥാനം അന്തിമ സീനിയോറിറ്റി പട്ടികയിൽ അനുവദിച്ച് നൽകുവാൻ കഴിയുകയുള്ളു.

ജില്ലാ മെഡിക്കൽ ആഫീസർമാർ വിശദമായി പരിശോധിച്ച് നൽകിയ പട്ടികയുടെ അടിസ്ഥാനത്തിലാണ് ഈ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഈ ലിസ്റ്റിനെക്കുറിച്ച് ആക്ഷേപമുള്ളവർ ഇതോടൊപ്പം ചേർത്തിട്ടുള്ള അപ്പീൽ പ്രൊഫോർമ പൂരിപ്പിച്ച് ജില്ലാ മെഡിക്കൽ ആഫീസറുടെ റിപ്പോർട്ട് സഹിതം 10.06.2018-ാം തീയതി 5 മണിയ്ക്കകം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. കരട് പട്ടിക ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് സ്ഥാപന മേധാവികളും ജില്ലാ മെഡിക്കൽ ആഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)
ഡോ. സമീറ എ.
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&ടി)

സ്വീകർത്താവ്: എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും
പകർപ്പ്: കേരള ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്

അംഗീകാരത്തോടെ

സൂപ്രണ്ട്